**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 101** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>നൂറുദിന കർമ്മപദ്ധതിയിലെ പട്ടയ വിതരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീമതി ഉമ തോമസ്

ശ്രീ. സേനാപതി വേണു

ശ്രീ. വി. ടി. സൂരജ്

ശ്രീ. എം. എം. നസീർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. പി. അനിൽ കുമാർ

(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** നൂറുദിന കർമ്മപദ്ധതിയുടെ ഭാഗമായി പട്ടയമേളകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ;

**<u>മറുപടി:</u>** നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി പട്ടയമേളകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി 10,699 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

**(ബി)** പട്ടയ വിതരണവുമായി ബന്ധപ്പെട്ട് ആദിവാസി കുടുംബങ്ങൾക്കും ഭൂരഹിത കുടുംബങ്ങൾക്കും പ്രത്യേക പരിഗണന നൽകുന്നുണ്ടോ; പട്ടയ അപേക്ഷകൾ തീർപ്പാക്കുന്നതിന് പ്രധാനമായും നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

**<u>മറുപടി:</u>** പട്ടയ വിതരണവുമായി ബന്ധപ്പെട്ട് ആദിവാസി കുടുബങ്ങൾക്കും ഭൂരഹിത കുടുംബങ്ങൾക്കും പ്രത്യേക പരിഗണന നൽകി വരുന്നു. ചട്ടപ്രകാരം പതിച്ച് നൽകാനാകാത്ത റോഡ് പുറമ്പോക്ക്, കുളം, കായൽ, കായൽതോട്, വഴി പുറമ്പോക്ക് തുടങ്ങിയ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാൻ കാലതാമസം നേരിടുന്നുണ്ട്. കൂടാതെ വനഭൂമിയുമായി ബന്ധപ്പെട്ട വന്ന നിയമങ്ങളും, വിവിധ വകുപ്പുകളുടെ കൈവശമുള്ള പുറമ്പോക്ക് ഭൂമികൾ പതിച്ച് നൽകുന്നതിന് പ്രസ്തുത വകുപ്പുകളിൽ നിന്നും നിരാക്ഷേപപത്രം ലഭിക്കാത്തതുമാണ് പതിവ് നടപടികളിൽ കാലതാമസം നേരിടുന്നത്.

**(സി)** റവന്യൂ വകുപ്പിൽ പട്ടയ വിതരണത്തിനായി നിലവിൽ പരിഗണനയിലുള്ള അപേക്ഷകളുടെ എണ്ണം എത്രയാണ്; അഞ്ച് വർഷത്തിലേറെയായി തീർപ്പാകാതെ കിടക്കുന്ന പട്ടയ അപേക്ഷകളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** റവന്യൂ വകുപ്പിൽ 1,00,029 അപേക്ഷകൾ നിലവിൽ പട്ടയ വിതരണത്തിനായി പരിഗണനയിലുണ്ട്. ആയതിൽ 45,503 അപേക്ഷകൾ അഞ്ച് വർഷമായി തീർപ്പാകാതെ കിടക്കുന്നവയാണ്. പട്ടയം നൽകുന്നതിന് സാധാരണയായി കാലതാമസം ഉണ്ടാക്കുന്നത് പതിവിന് വിധേയമല്ലാത്ത ഭൂമികളിൽ താമസിക്കുന്നവർ പ്രസ്തുത ഭൂമി പതിച്ച് നൽകുന്നതിന് സമർപ്പിക്കുന്ന

അപേക്ഷകളിന്മേലാണ്. ഇപ്രകാരമുള്ള ഭൂമികളിൽ താമസിക്കുന്നവർ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നടപടി സ്വീകരിച്ചു വരുന്നു. പട്ടയ വിതരണം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**